കേരള സർക്കാർ
പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റ്
കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ(നാലാം നില)
തിരുവനന്തപുരം 695001 ഫോൺ0471-2326264(ഓഫീസ്)
മെയിൽ: environmentdirectorate@gmail.com വെബ്:www.envt.kerala.gov.in

നം. ഡി.ഒ.ഇ.സി.സി /ഇ2/339/2024 തീയതി:28-11-2025

**ദർഘാസ് പരസ്യം**

**"കാലാവസ്ഥാ വ്യതിയാനവും, സുസ്ഥിര ജീവിതശൈലിയും: അതിജീവനശേഷിയുള്ള കേരളത്തിനായി"** എന്ന വിഷയത്തിൽ തയ്യാറാക്കുന്ന ഓൺലൈൻ കോഴ്സിൽ ഉൾപ്പെടുത്തുന്നതിനായി ലഘു വീഡിയോകൾ തയാറാക്കി സമർപ്പിക്കുന്നതിനായി ഏജൻസികളിൽ നിന്ന് മത്സരാധിഷ്ഠിത ദർഘാസുകൾ ക്ഷണിച്ചു കൊള്ളുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

**വീഡിയോകൾ (ആകെ 11 എണ്ണം)**

| വീഡിയോ നം. | മൊഡ്യൂൾ* | വീഡിയോയുടെ വിവരണം* | ദൃശ്യോപാധികൾ | ദൈർഘ്യം |
|---|---|---|---|---|
| 1 | ഓറിയന്റേഷൻ | ആമുഖ വീഡിയോ | യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും | 1-2 മിനിറ്റ് |
| 2 | മൊഡ്യൂൾ 1 | കാലാവസ്ഥാ മാറ്റം, ഹരിതഗൃഹ വാതകങ്ങൾ, കാർബൺ പാദമുദ്ര എന്നിവയെക്കുറിച്ചുള്ള വീഡിയോ | ഇൻഫോഗ്രാഫിക്സുകൾ /എഐ/ ആനിമേറ്റഡ്/ യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും (യഥാർത്ഥ സംഭവങ്ങൾക്ക്) | 4-5 മിനിറ്റ് |
| 3 | മൊഡ്യൂൾ 2 | ആമുഖ വീഡിയോ:കാലാവസ്ഥാ വ്യതിയാനവും കേരളവും | ഇൻഫോഗ്രാഫിക്സുകൾ /എഐ/ ആനിമേറ്റഡ്/ യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും (യഥാർത്ഥ സംഭവങ്ങൾക്ക്) | 1-2 മിനിറ്റ് |
| 4 | മൊഡ്യൂൾ 2 | കേസ് സ്റ്റഡി: ചൂരൽമല- മുണ്ടക്ക | | 1-2 മിനിറ്റ് |

| | | | | |
|---|---|---|---|---|
| | | ൈ ഉരുൾപൊട്ടൽ (ജൂലൈ 2024): കാലാവസ്ഥാ മാറ്റത്തിൻ്റെ പ്രത്യാഘാതം | യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും | |
| 5 | മൊഡ്യൂൾ 3 | കേസ് സ്റ്റഡി: ശുദ്ധമായ ഊർജ്ജവും, ഹരിത ഗതാഗതവും - കൊച്ചി മെട്രോ & വാട്ടർ മെട്രോ | യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും | 1-2 മിനിറ്റ് |
| 6 | മൊഡ്യൂൾ 3 | കേസ് സ്റ്റഡി: ഭൂമിത്രസേന ക്ലബ്ബുകൾ മുഖേന നടപ്പിലാക്കിയ സംസ്ഥാനത്തെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് | യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും, ഇൻഫോഗ്രാഫിക്സുകൾ | 1-2 മിനിറ്റ് |
| 7 | മൊഡ്യൂൾ 4 | ആമുഖ വീഡിയോ:ജീവിതശൈലിയും കാർബൺ പാദമുദ്രയും | ഇൻഫോഗ്രാഫിക്സുകൾ /എഐ/ ആനിമേറ്റഡ് ചിത്രങ്ങളും വീഡിയോകളും | 1-2 മിനിറ്റ് |
| 8 | മൊഡ്യൂൾ 5 | ആമുഖ വീഡിയോ: കാർബൺ പാദമുദ്ര കുറയ്ക്കൽ | ഇൻഫോഗ്രാഫിക്സുകൾ /എഐ/ ആനിമേറ്റഡ് ചിത്രങ്ങളും വീഡിയോകളും | 1-2 മിനിറ്റ് |
| 9 | മൊഡ്യൂൾ 5 | അവതരണം: വ്യക്തിഗത കാർബൺ പാദമുദ്ര കുറയ്ക്കൽ - ആതിരയുടെ ഉദാഹരണം | ഇൻഫോഗ്രാഫിക്സുകൾ /എഐ/ ആനിമേറ്റഡ് ചിത്രങ്ങളും വീഡിയോകളും | 1-2 മിനിറ്റ് |
| 10 | മൊഡ്യൂൾ 5 | അവതരണം (സംഘതല പ്രവർത്തനം): ഭൂമിത്രസേന ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ | യഥാർത്ഥ ചിത്രങ്ങളും വീഡിയോകളും | 4-5 മിനിറ്റ് |
| 11 | സർട്ടിഫിക്കേഷൻ | ആമുഖ വീഡിയോ: അറിവിൽ നിന്ന് പ്രവർത്തിയിലേക്ക് | ഇൻഫോഗ്രാഫിക്സുകൾ /എഐ/ ആനിമേറ്റഡ് ചിത്രങ്ങളും വീഡിയോകളും | 1-2 മിനിറ്റ് |

*മൊഡ്യൂൾ വിശദാംശങ്ങളും വീഡിയോയുടെ വിശദമായ വിവരണവും ആശയക്കുറിപ്പും അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

**നിബന്ധനകൾ**

- വീഡിയോകൾ ഓരോന്നിനും വെവ്വേറെ നിരക്കുകൾ (ജിഎസ്ടി (GST) ഉൾപ്പെടെയുള്ള പൂർണ്ണമായ നിരക്ക്) രേഖപ്പെടുത്തണം.
- വീഡിയോ/ ഇൻഫോഗ്രാഫിക്സ് നിർമ്മാണ മേഖലയിൽ ഏജൻസിയുടെ അനുഭവസമ്പത്ത് തെളിയിക്കുന്ന രേഖകളോ വീഡിയോകളോ (ലിങ്കുകൾ) സമർപ്പിക്കണം.
- തിരഞ്ഞെടുക്കപ്പെടുന്ന ഏജൻസി ബോധവത്കരണ വീഡിയോയുടെയും സോഷ്യൽ മീഡിയ റീലുകളുടെയും കരട് സ്ക്രിപ്റ്റ് തയാറാക്കി ഡയറക്ടറേറ്റിൽ സമർപ്പിക്കേണ്ടതും ഡയറക്ടറേറ്റ് നിർദേശിക്കുന്ന ഭേദഗതികൾ ഉൾപ്പെടുത്തേണ്ടതുമാണ്.
- ഭാഷ: മലയാള വിവരണം (ഇംഗ്ലീഷ് സബ്ടൈറ്റിൽ ഉൾപ്പെടുത്തണം)
- ഫോർമാറ്റ്: **MP4 Video Codec: H.264 (AVC), Resolution: 1080p (Full HD)**
- ദർഘാസുകൾ സീൽ ചെയ്ത കവറിൽ **"Quotation for Preparation of Videos for Online Course"** എന്ന പേരിൽ സമർപ്പിക്കണം.

താല്പര്യമുള്ള ഏജൻസികൾ ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥ വ്യതിയാന ഡയറക്ടറേറ്റ്, കെ.എസ്.ആർ.ടി.സി ബസ് ടെർമിനൽ (നാലാം നില), തിരുവനന്തപുരം - **695001** എന്ന വിലാസത്തിൽ ഡിസംബർ **20** ന് **3.00** മണിക്ക് മുൻപായി ദർഘാസുകൾ സമർപ്പിക്കേണ്ടതാണ്.

ദർഘാസുകൾ അന്നേ ദിവസം വൈകുന്നേരം **4.00** മണിക്ക് തുറക്കുന്നതാണ്.

കൂടുതൽ വിവരങ്ങൾ പ്രവർത്തി ദിവസങ്ങളിൽ ഓഫീസിൽ നിന്നും അറിയാവുന്നതാണ്.

**SUNEEL PAMIDI**
**DIRECTOR**

**അനുബന്ധം I**

## ഓൺലൈൻ കോഴ്സ്

## കാലാവസ്ഥാ വ്യതിയാനവും, സുസ്ഥിര ജീവിതശൈലിയും: അതിജീവനശേഷിയുള്ള കേരളത്തിനായി -

## മൊഡ്യൂൾ സംഗ്രഹവും വീഡിയോ ആശയങ്ങളും

### ഓറിയൻ്റേഷൻ: ജീവിതശൈലി എങ്ങനെ കാലാവസ്ഥയെ സ്വാധീനിക്കുന്നു

- **വീഡിയോ - 1: ആമുഖ വീഡിയോ**

ഈ വീഡിയോയുടെ ആരംഭ ഭാഗത്തിൽ പ്രേക്ഷകരെ കോഴ്സിലേക്ക് സ്വാഗതം ചെയ്യുകയും, ഈ കോഴ്സ് എന്താണ് ഉൾക്കൊള്ളുന്നത് എന്നതിനെ കുറിച്ചുള്ള ഒരു ആമുഖ വിവരണം നൽകുകയും ചെയ്യണം. ഹരിതഗൃഹ പ്രഭാവം, കാലാവസ്ഥാ വ്യതിയാനം, കാർബൺ പാദമുദ്ര എന്നിവയെക്കുറിച്ച് വിശദമായ ധാരണ നൽകാനും, ലളിതമായ പ്രായോഗിക നടപടികളിലൂടെ കാലാവസ്ഥ അനുരൂപീകരണം എങ്ങനെ സാധ്യമാക്കാമെന്നും ഈ കോഴ്സ് വ്യക്തമാക്കുന്നു എന്ന് അവതരിപ്പിക്കണം.

### മൊഡ്യൂൾ 1: കാലാവസ്ഥാ വ്യതിയാനം, ഹരിതഗൃഹ വാതകങ്ങൾ, കാർബൺ പാദമുദ്ര - അടിസ്ഥാന ആശയങ്ങൾ

കാലാവസ്ഥാ വ്യതിയാനം, ഹരിതഗൃഹ വാതകങ്ങൾ (GHGs), കാർബൺ പാദമുദ്ര എന്നിവയുടെ അടിസ്ഥാനപരമായ ആശയങ്ങളെ ഈ മൊഡ്യൂൾ വിശദീകരിക്കുന്നു.

- **വീഡിയോ - 2:**

കാലാവസ്ഥാ വ്യതിയാനം, ഹരിതഗൃഹ വാതകങ്ങൾ (GHGs), കാർബൺ പാദമുദ്ര എന്നിവയുടെ അടിസ്ഥാനപരമായ ആശയങ്ങൾ വിശദമാക്കുന്ന വീഡിയോ

### മൊഡ്യൂൾ 2: കാലാവസ്ഥാ വ്യതിയാനവും കേരളവും

കാലാവസ്ഥാ വ്യതിയാനത്തിന്റെ പ്രത്യാഘാതങ്ങൾ കേരളത്തിൽ എങ്ങനെ അനുഭവപ്പെടുന്നു എന്ന് ഈ മൊഡ്യൂൾ വിശദമാക്കുന്നു.

- **വീഡിയോ - 3: ആമുഖ വീഡിയോ**

കേരളത്തിലെ കാലാവസ്ഥാ വ്യതിയാനത്തിന്റെ ശാസ്ത്രീയ വിശദാംശങ്ങൾ, അതി തീവ്ര കാലാവസ്ഥാ പ്രതിഭാസങ്ങൾ, തീരദേശ ശോഷണം മുതലായവ വിശദമാക്കുന്ന വീഡിയോ

- **വീഡിയോ - 4: കേസ് സ്റ്റഡി: ചൂരൽമല-മുണ്ടക്കൈ ഉരുൾപൊട്ടൽ (ജൂലൈ 2024): കാലാവസ്ഥാ മാറ്റത്തിൻ്റെ പ്രത്യാഘാതം**

  സംഭവ വിവരണം, പ്രത്യാഘാതങ്ങൾ, ദുരന്ത കാരണങ്ങൾ, ശാസ്ത്രീയ പഠനങ്ങൾ മുതലായവ വിശദമാക്കുന്ന വീഡിയോ

**<u>മൊഡ്യൂൾ 3: കേരളത്തിൻ്റെ കാലാവസ്ഥാ പ്രവർത്തനങ്ങൾ</u>**

കാലാവസ്ഥാ വ്യതിയാന പ്രതിരോധത്തിനായി കേരളം സ്വീകരിച്ചിട്ടുള്ള നയരൂപീകരണങ്ങളും പ്രധാന പദ്ധതികളും ഈ മൊഡ്യൂൾ അവതരിപ്പിക്കുന്നു. കേരള സംസ്ഥാന കാലാവസ്ഥാ വ്യതിയാന കർമ്മ പദ്ധതി (2023-2030), ഹരിതഗൃഹ വാതക ഇൻവെന്ററി റിപ്പോർട്ട്, Carbon Neutral Pathway-2050 എന്നിവ ഇതിൽ ഉൾപ്പെടുന്നു.

- **വീഡിയോ - 5: കേസ് സ്റ്റഡി: ശുദ്ധമായ ഊർജ്ജവും, ഹരിത ഗതാഗതവും - കൊച്ചി മെട്രോ റെയിൽ & വാട്ടർ മെട്രോ**

കാലാവസ്ഥാ വ്യതിയാന സാഹചര്യത്തിൽ സുസ്ഥിര പൊതു ഗതാഗത സംവിധാനങ്ങളുടെ പ്രാധാന്യം വിശദമാക്കുന്ന വീഡിയോ

- **വീഡിയോ - 6: കേസ് സ്റ്റഡി: ഭൂമിത്രസേന ക്ലബ്ബുകൾ മുഖേന നടപ്പിലാക്കിയ സംസ്ഥാനത്തെ മാലിന്യ സംസ്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ്**

സംസ്ഥാനത്തെ പ്രധാന ഹരിതഗൃഹവാതക ബഹിർഗമനഹേതുവായ മാലിന്യ സംസ്ക്കരണ മേഖലയുടെ മെച്ചപ്പെടുത്തലിനായി, ‘മാലിന്യമുക്തം നവകേരളം ക്യാമ്പയിനിന്റെ’ ഭാഗമായി പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന ഡയറക്ടറേറ്റും ശുചിത്വ മിഷനും ഭൂമിത്രസേന ക്ലബ്ബുകൾ വഴി നടപ്പിലാക്കിയ കമ്മ്യൂണിറ്റി തല അജൈവ മാലിന്യ സംസ്ക്കരണ സംവിധാനങ്ങളുടെ ഓഡിറ്റിംഗ് പദ്ധതിയുടെ വിശദാംശങ്ങൾ ഉൾപ്പെടുത്തിയ വീഡിയോ

**<u>മൊഡ്യൂൾ 4: ജീവിതശൈലിയും കാർബൺ പാദമുദ്രയും</u>**

- **വീഡിയോ - 7:**

  ഈ വീഡിയോയുടെ പ്രധാന സന്ദേശം ദിനചര്യയിലെ സാധാരണ പ്രവൃത്തികൾ നമ്മുടെ കാർബൺ പാദമുദ്രയെ എങ്ങനെ സ്വാധീനിക്കുന്നു എന്നതാണ്. കാർബൺ പാദമുദ്ര കണക്കാക്കുന്നത് വിശദമാക്കാവുന്നതാണ്.

**<u>മൊഡ്യൂൾ 5: കാർബൺ പാദമുദ്ര കുറയ്ക്കൽ</u>**

- **വീഡിയോ - 8: ആമുഖ വീഡിയോ**

  ഒരു വ്യക്തിയുടെ ഒരു ദിവസത്തെ ജീവിതം ദൃശ്യങ്ങളിലൂടെ അവതരിപ്പിച്ച്,

ലളിതമായ ജീവിതശൈലി മാറ്റങ്ങൾ ചെയ്താൽ കാർബൺ പാദമുദ്ര കുറയ്ക്കാൻ സാധിക്കുമെന്ന സന്ദേശം പ്രേക്ഷകർക്ക് നൽകുക. വ്യക്തിഗത പ്രവർത്തനങ്ങളും സാമൂഹിക പ്രവർത്തനങ്ങളും വിശദമാക്കേണ്ടതാണ്.

- **വീഡിയോ - 9: വ്യക്തിഗത കാർബൺ പാദമുദ്ര കുറയ്ക്കൽ - ആതിരയുടെ ഉദാഹരണം**

  വീഡിയോയിൽ ഉൾപ്പെടുത്തേണ്ട ഒരു സാങ്കല്പിക സന്ദർഭം ഇങ്ങനെയാണ്:

  ഒരു കോളേജ് വിദ്യാർത്ഥിനിയായ ആതിര ഒരാഴ്ചയ്ക്കുള്ളിൽ തന്റെ കാർബൺ പാദമുദ്ര കുറയ്ക്കാൻ സ്വീകരിച്ച നടപടികൾ ദൃശ്യങ്ങളിലൂടെ അവതരിപ്പിക്കുക.

- **വീഡിയോ - 10: സംഘതല പ്രവർത്തനത്തിന്റെ ഉദാഹരണം - ഭൂമിത്രസേന ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ**

  ഈ വീഡിയോയിൽ കോളേജുകളിലും ഹയർ സെക്കൻഡറി സ്കൂളുകളിലും പ്രവർത്തിക്കുന്ന ഭൂമിത്രസേന ക്ലബ്ബുകളുടെ പ്രധാന പ്രവർത്തനങ്ങൾ ദൃശ്യവൽക്കരിക്കണം. വിദ്യാർത്ഥി അംഗങ്ങളുടെ പങ്കാളിത്തം സജീവവും പ്രചോദനാത്മകവുമായ രീതിയിൽ അവതരിപ്പിക്കുക.

**<u>സർട്ടിഫിക്കേഷൻ</u>**

പഠനത്തെ പ്രവൃത്തിയിലേക്ക് മാറ്റുന്നതിനായി ഈ മൊഡ്യൂൾ രൂപകൽപ്പന ചെയ്തിരിക്കുന്നു.

- **വീഡിയോ - 11: ആമുഖ വീഡിയോ: അറിവിൽ നിന്ന് പ്രവർത്തിയിലേക്ക്**

  ഈ വീഡിയോ, പഠനം പൂർത്തിയാക്കിയ പ്രേക്ഷകരെ അനുമോദിക്കുന്നതിനും നേടിയ അറിവിൽ നിന്ന് പ്രവർത്തനത്തിലേക്ക് നയിക്കുന്നതിന് പ്രചോദനം നൽകുന്ന തരത്തിലുമായിരിക്കണം.